HON'BLE MR. A. J. JOHN: I move that the Bill be passed.

HON'BLE MR. T. K. NARAYANA PILLAI: I second it.

The motion was put and carried.

The Bill was passed.

The Travancore Shops and Establishment Bill.

HON'BLE MR. N. KUNJURAMAN: ഷാപ്പുകളിലും ലഘുഭക്ഷണശാലകളിലും മറ്റുമുള്ള തൊഴിലാളികളുടെ ജോലി സംബന്ധിച്ച വ്യവസ്ഥകൾ നിയന്ത്രിക്കുന്ന യാതൊരു നിശ്ചയവും ഇപ്പോൾ തിരുവിതാംകൂറിലില്ല. ഇപ്രകാരമുള്ള നിയമങ്ങൾ നടപ്പിലാക്കേണ്ടതാവശ്യമാണെന്ന ഉൽബോധിപ്പിച്ചുകൊണ്ടു പല നിവേദനങ്ങളും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്. അതിനാൽ കൊച്ചിയിലും മദ്രാസിലും നടപ്പിലിരിക്കുന്ന നിയമങ്ങളുടെ മാതൃകയിൽ ഷാപ്പുകളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച ഒരു നിയമം ഇവിടെ ആവശ്യമാണെന്നു ഗവണ്മെൻറു കരുതുന്നു.

ഈ ബില്ലിലെ ചട്ടങ്ങൾ ആദ്യമായി തിരുവനന്തപുരം പട്ടണത്തിലുള്ള എല്ലാ മുനിസിപ്പാലിറ്റികളിലും നടപ്പാൽ വരുത്താനാണുദ്ദേശിക്കുന്നതു്. ആവശ്യമാണെന്നു കാണുമ്പോൾ ഇതു് മറ്റു പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണു്. ഷാപ്പുകൾ, വാണിജ്യശാലകൾ, ലഘുഭക്ഷണശാലകൾ, നാടകശാലകൾ മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആളുകളെ മാത്രം ഈ ബിൽ സംബന്ധിക്കുന്നതും ഗവണ്മെൻറിനേറയോ പ്രാദേശിക അധികാരസ്ഥാപനങ്ങളുടേയോ കീഴിലുള്ള സ്ഥാപനങ്ങളെ ബാധിക്കുന്നതല്ലാത്തതും ആകുന്നു.

സുപ്രധാനവ്യവസ്ഥകൾ.

(എ) ഷാപ്പുകളും സ്ഥാപനങ്ങളും തുറക്കുകയും അടയ്ക്കുകയും ചെയ്യേണ്ട സമയം ക്ലിപ്തപ്പെടുത്തുന്നതിനു ഗവണ്മെൻറിനു അധികാരം നൽകുന്നു.

(ബി) പ്രതിദിനവും പ്രതിവാരവും ജോലി ചെയ്യേണ്ട സമയവും വിശ്രമസമയവും നിർണ്ണയിക്കുന്നിനു ഗവണ്മെൻറിനെ അധികാരപ്പെടുത്തുന്നു. വേലക്കാർക്കു പ്രതിവാരം ഒരു ദിവസം നിർബ്ബന്ധിത ഒഴിവും ആവശ്യപ്പെടുന്ന പക്ഷം അർദ്ധദിവസം ഒഴിവുകൂടിയും നൽകുന്നതിനു വ്യവസ്ഥയുണ്ടു്.

(സി) കുട്ടികളെ അതായതു് 15 വയസ്സു് പൂർത്തിയായിട്ടില്ലാത്തവരെ ജോലിക്കേർപ്പെടുത്തുന്നതിനെ നിരോധിക്കുന്നു. രാവിലെ സൂര്യനുദിക്കുന്നതിനു മുൻപും വൈകിട്ടു് സൂര്യനസ്തമിക്കുന്നതിനുശേഷവും ചെറുപ്പക്കാരെ (അതായതു

LIBRARY ARCHIVES Kerala Legislative Assembly

ഫർ വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ ഫെ വയസ്സ് പൂർത്തിയായിട്ടില്ലാത്തതും ആയ ആളുകളെയും) സ്ത്രീകളേയും ജോലിക്കേർപ്പെട്ടുത്തുന്നതിനെയും നിരോധിക്കുന്നു. ചെറുപ്പക്കാർക്കും സ്ത്രീകൾക്കും ഉള്ള പ്രവൃത്തി സമയങ്ങളും ക്രിപ്തപ്പെടുത്തിയിട്ടുണ്ട്.

(ര) ജോലിക്കാരുടെ ആരോഗ്യവും രക്ഷയും സുനിശ്ചിതമാക്കുന്നതിനുള്ള വ്യവസ്ഥകളും അവർക്ക് പ്രതിവർഷം ശമ്പളത്തോടുകൂടി ഒഴിവു ദിവസങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകളും നൽകിയിട്ടുണ്ട്.

(ഭ) കണിശ സമയത്തു ക്ലാസിൽ കൊടുക്കുന്നതിനും ക്ലാസിയിൽ നിന്നും അനധികൃതമായി കടവുകൾ വരുത്തുന്നതിനെ നിരോധിക്കുന്നതിനും ഉള്ള നിബന്ധനകൾ ഉണ്ട്.

(ന) ബില്ലിലെ ചട്ടങ്ങൾ ലംഘിച്ചാൽ ഉചിതമായ ശിക്ഷകൾ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

Now I move that the Bill be referred to a Select Committee consisting of the following members —

Messrs.—

(1) Ponnara G. Sreedhar,
(2) V. Devan,
(3) P. S. Mohammed,
(4) M. Pappu,
(5) Pandavathu Sankara Pillai,
(6) Sree V. Das,
(7) K. P. Nilakanta Pillai,
(8) P. T. Chacko,
(9) K. A. Gangadhara Menon, and
(10) E. P. Poulose.

The quorum will be 4.

HON'BLE MR. A. J. JOHN: I second it.

The motion was put to vote and carried.

The Travancore Cloths and Exicse duty Bill.

HON'BLE MR. A. J. JOHN: I beg to introduce the Travancore cloth (Excise Duty) Bill, 1124. ഇതു ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശമനുസരിച്ചു കൊണ്ടുവന്നിട്ടുള്ളതാണ്. വളരെ മിനുസമുള്ള തുണിച്ചരക്കുകൾക്കു ഇൻഡ്യാ ഗവണ്മെൻറു എക്സൈസുഡ്യൂട്ടി ചുമത്തിയിട്ടുണ്ട്. അതനുസരിച്ചു നമുക്കും ചുമത്താൻ അധികാരമുണ്ട്. ഇൻഡ്യാ ഗവണ്മെൻറു അങ്ങനെ എക്സൈസുഡ്യൂട്ടി ചുമത്തണമെന്നു ആവശ്യപ്പെട്ടു. കഴിഞ്ഞ ജനുവരി മുതൽ ഇൻഡ്യാ ഗവണ്മെൻറു എക്സൈസുഡ്യൂട്ടി വസൂൽചെയ്തു വരുന്നുണ്ട്. അതിലേക്കു കൊണ്ടുവന്നിട്ടുള്ള ഈ ബില്ലു സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly